## പതിനാലാം കേരള നിയമസഭ
## പത്തൊൻപതാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1513** **06/03/2020 -ൽ മറുപടിക്ക്**

## കോളേജുകളുടെ പശ്ചാത്തല സൗകര്യങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.കെ.വി.വിജയദാസ്** | **ഡോ.കെ.ടി.ജലീൽ (ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി)** |
| (എ) സംസ്ഥാനത്തെ സർക്കാർ ആർട്സ് & സയൻസ് കോളേജുകളുടെ പശ്ചാത്തല സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത്; വിശദവിവരം നൽകുമോ; | (എ) സർക്കാർ ആർട്സ് & സയൻസ് കോളേജുകളെ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി കോളേജിന്റെ സമഗ്ര വികസനവുമായി ബന്ധപ്പെട്ട് 16/06/2017 ലെ സർക്കാർ ഉത്തരവ് നമ്പർ G.O(MS)No.1131/2017/HEDN പ്രകാരം 48 സർക്കാർ ആർട്സ് & സയൻസ് കോളേജുകൾക്ക് 8.5 കോടി രൂപ വീതവും 5 പൈതൃക കോളേജുകൾക്ക് 30 കോടി രൂപ വീതവും 12 പുതിയ കോളേജുകൾക്ക് 10 കോടി രൂപ വീതവും പ്രഖ്യാപിച്ചിരുന്നു. ഇതിനായി കോളേജുകളുടെ മാസ്റ്റർ പ്ലാൻ/ഡി.പി.ആർ തയ്യാറാക്കാൻ കിറ്റ്കോ - ടെക്നിക്കൽ ടീം, എന്നിവരെ സർക്കാർ തലത്തിൽ നിയമിച്ചിരുന്നു. കിറ്റ്കോ - ടെക്നിക്കൽ ടീം എന്നിവർ തയ്യാറാക്കിയ മാസ്റ്റർ പ്ലാൻ കോളേജ് തലത്തിൽ അംഗീകരിച്ച് കൈറ്റ്/കിറ്റ്കോ മുഖാന്തരം സർക്കാരിലേക്ക് സമർപ്പിച്ച്, ആയത് സർക്കാർ തലത്തിൽ പരിശോധിച്ച് സർക്കാർ കിഫ്ബിയിലേക്ക് അപ് ലോഡ് ചെയ്യുന്നതിനുള്ള ഭരണാനുമതി കിറ്റ്കോയ്ക്ക് നൽകുകയും ആയതു പ്രകാരം അപ് ലോഡ് ചെയ്ത മാസ്റ്റർ പ്ലാൻ/ ഡി.പി.ആർ കിഫ്ബി അവലോകനം നടത്തി 36 കോളേജുകൾക്ക് 260.77 കോടി രൂപ അനുവദിച്ചു നൽകിയിട്ടുണ്ട്.<br><br>2019-20 സാമ്പത്തിക വർഷം കോളേജ് വിദ്യാഭ്യാസ വകുപ്പിന് കീഴിലെ സ്ഥാപനങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി " Infrastructure Upgradation, Development & Maintenance of Govt Colleges 4202-01-203-72" (ക്യാപിറ്റൽ) ശീർഷകത്തിൽ 30 കോടി രൂപയും "Quality Enhancement & Accreditation 4202-01-203-71" (ക്യാപിറ്റൽ) ശീർഷകത്തിൽ 10 കോടി രൂപയും " Infrastructure Upgradation, Development & Maintenance of Govt Colleges 2202-02-103-50" (റവന്യൂ) ശീർഷകത്തിൽ 20 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. സർക്കാർ |

| | | | |
|---|---|---|---|
| | | | ആർട്സ് & സയൻസ് കോളേജുകളിലെ ലൈബ്രറികളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി "Development of Libraries, Laboratories & Furniture 2202-03-103-76" (റവന്യൂ) ശീർഷകത്തിൽ 7.25 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. 2202-03-103-70 ASSET MAINTENANCE FUND ശീർഷകത്തിൽ 16,81,70,000/- രൂപ വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങളിലെ നിലവിലുള്ള asset-ന്റെ maintenance-നും അനുവദിച്ചിട്ടുണ്ട്. മേൽ പദ്ധതികളിലൂടെ സർക്കാർ കോളേജുകളുടെ അക്കാദമികവും ഭൗതികവുമായ പശ്ചാത്തല സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനുള്ള നടപടികൾ വകുപ്പിൽ ഊർജ്ജിതമായി നടന്നു വരുന്നു. |
| (ബി) | കിഫ്ബിയിലൂടെ എത്ര കോളേജുകൾക്ക് പ്രസ്തുത ആവശ്യത്തിലേക്കായി ഭരണാനുമതി നൽകിയിട്ടുണ്ട്; വിശദവിവരം നൽകുമോ; | (ബി) | GO(Ms)No.1131/2017/HEDN തീയതി 16/06/2017 ഉത്തരവ് പ്രകാരം 48 സർക്കാർ കോളേജുകൾക്കായി Rs.425 കോടി രൂപയുടേയും 5 പൈതൃക കോളേജുകളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റാൻ 150 കോടി രൂപയുടേയും GO(Ms)/285/2017/HEDN തിയതി 13/11/2017 ഉത്തരവ് പ്രകാരം പുതിയ 12 ആർട്സ് ആൻഡ് സയൻസ് കോളേജുകൾക്ക് 120 കോടി രൂപയുടേയും ഭരണാനുമതി നൽകിയിട്ടുണ്ട്. |
| (സി) | കോങ്ങാട് മണ്ഡലത്തിലെ പത്തിരിപ്പാല ഗവൺമെന്റ് ആർട്സ് & സയൻസ് കോളേജിന്റെ നിർമ്മാണ പ്രവർത്തനവുമായി ബന്ധപ്പെട്ട് സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദവിവരം നൽകുമോ; | (സി) | പത്തിരിപ്പാല സർക്കാർ ആർട്സ് & സയൻസ് കോളേജ് നിർമ്മാണം കിഫ്ബി വർക്കിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ടി കോളേജിലെ എസ്.പി.വി.ആയി ചുമതലപ്പെടുത്തിയിട്ടുള്ള കിറ്റ്കോ പ്രസ്തുത കോളേജിന്റെ ഡി.പി.ആർ തയ്യാറാക്കി കിഫ്ബിയിൽ അംഗീകാരത്തിനായി സമർപ്പിച്ചിരിക്കുകയാണ്. നിലവിൽ പ്രസ്തുത കോളേജിന്റെ ഡി.പി.ആർ കിഫ്ബി അപ്രൈസൽ ടീമിന്റെ പരിഗണനയിലാണ്. GO(Rt)310/2020/HEDN തിയതി 20/02/2020 ഉത്തരവ് പ്രകാരം പ്രസ്തുത കോളേജിന് 116947653/- രൂപയുടെ പുതുക്കിയ ഭരണാനുമതി നൽകിയിട്ടുണ്ട്. |
| (ഡി) | ഈ കോളേജിന്റെ നിർമ്മാണ പ്രവർത്തനം എന്ന് ആരംഭിക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്; ഇതിലേക്കായി എസ്.പി.വി.യെ ചുമതലപ്പെടുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ? | (ഡി) | കോളേജിലെ നിർമ്മാണ പ്രവർത്തനങ്ങളുടെ എസ്.പി.വി.ആയി കിറ്റ്കോയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഡി.പി.ആർ-ന് കിഫ്ബി അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കാൻ സാധിക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**